304 (1484) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ മൊത്തം ഒഴിവുകളിൽ 25% തസ്തികകൾ യോഗ്യതയുള്ള അംഗൻവാടി വർക്കർമാരെ നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്ത് ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുകയുണ്ടായോ എന്നു വെളിപ്പെടുത്തുമോ;

(സി) അംഗൻവാടി വർക്കർമാരെ സൂപ്പർവൈസർമാരായി പ്രമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ജി.ഒ.(പി) 28/99/സാ.ക്ഷേ.വ. തീയതി 3.7.99 പ്രകാരം സൂപ്പർവൈസർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് അംഗൻവാടി വർക്കർമാർക്ക് 25% സംവരണം ഏർപ്പെടുത്തി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. (കോപ്പി ഉള്ളടക്കം ചെയ്യുന്നു.)†

(സി) നേരിട്ട് നിയമനം നടത്താനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിക്ഷിപ്തമാണ്. അതിനാൽ അംഗൻവാടി വർക്കർമാരെ പ്രമോട്ട് ചെയ്ത് നിയമിക്കാൻ നിലവിൽ വ്യവസ്ഥകളില്ല.

(ഡി) സൂപ്പർവൈസർ തസ്തികയിൽ നിലവിൽ 477 ഒഴിവുകൾ ഉണ്ട്.

305 (1485) കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്;

(സി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ഇപ്പോൾ ലഭ്യമാകുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly